# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 5744

28.03.2018-ൽ മറുപടിക്ക്

### പോലീസുകാരുടെ അന്തർ ജില്ലാ സ്ഥലംമാറ്റം

| | ചോദ്യം<br>ശ്രീ. എം. വിൻസെന്റ് | | ഉത്തരം<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|---|---|
| (എ) | അന്തർ ജില്ലാ സ്ഥലംമാറ്റം ചോദിച്ച് വാങ്ങിവരുന്ന സർക്കാർ ഉദ്യോഗസ്ഥർ അവർ ആവശ്യപ്പെടുന്ന ജില്ലയിലേക്ക് മാറ്റപ്പെടുമ്പോൾ വരുന്ന ജില്ലയിൽ പി.എസ്.സി.യിൽ നിന്നും അവസാനം ഡിപ്പാർട്ട്മെന്റിലേയ്ക്ക് അഡ്വൈസ് ചെയ്ത ഉദ്യോഗസ്ഥന്റെ ജൂനിയർ ആയിട്ടാണോ പരിഗണിയ്ക്കുന്നത്; | (എ) | അതെ. ഹെഡ്ക്വാർട്ടേഴ്സ് ഒഴിവുകളിൽ നിയമനം ലഭിച്ച് അവർ ഓപ്റ്റ് ചെയ്ത ജില്ലയിലേക്ക് മടങ്ങിവരുന്നവരുടെ കാര്യത്തിൽ അഡ്വൈസ് സീനിയോറിറ്റി ലഭിക്കുന്നതാണ്. |
| (ബി) | ഈ നിയമം തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുടെ ആഫീസിലേക്ക് അന്തർജില്ലാ സ്ഥലംമാറ്റം ആയി വരുന്ന കോൺസ്റ്റബിൾമാർക്കും ബാധകമല്ലേ എന്ന് അറിയിക്കാമോ ; | (ബി) | വിവരം ശേഖരിച്ചുവരുന്നു. |
| (സി) | തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുടെ സി .ഓ നമ്പർ .160/2018 പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിൽ എസ്.എ.പി. യിലേയ്ക്ക് ട്രെയിനിംഗിനായി പി.എസ്.സി.യിൽ നിന്നും 30-07-1998 ൽ ഡി ഐ ജി (1)184/1998 പ്രകാരം അഡ്വൈസ് ചെയ്യപ്പെട്ടവരുടെ സീനിയർ | (സി)<br>(ഡി)<br>&<br>(ഇ) | വിവരം ശേഖരിച്ചുവരുന്നു. |

| | | |
|---|---|---|
| | ആയി അതിനുശേഷം തിരുവനന്തപുരം ജില്ലയിൽഅന്തർ ജില്ലാ സ്ഥലംമാറ്റം ആയി വന്ന കോൺസ്റ്റബിൾമാർ ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് നിയമവിരുദ്ധമല്ലേ; ഇവരെ ഒഴിവാക്കി പുതിയ സീനിയോറിറ്റി ലിസ്റ്റ് ഇറക്കുമോ; | |
| (ഡി) | തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുടെ സി ഓ നമ്പർ 160/18 dt 7/2/18 ലെ സീനിയോറിറ്റി ലിസ്റ്റിൽ പരാതി പരിഹരിക്കുന്നതിനായി പതിനഞ്ചു ദിവസം നൽകിയിരുന്നുവെങ്കിലും രണ്ട് ദിവസത്തിനകം 9/2/2018 ൽ സി ഓ 170/2018 ആയി ലിസ്റ്റ് ഫൈനലൈസ് ചെയ്ത് പ്രസിദ്ധീകരിച്ചത് ശരിയാണോ; ലിസ്റ്റിനെ സംബന്ധിച്ച് പരാതികൾ ലഭിച്ചിരുന്നോ; എത്ര പരാതി ലഭിച്ചു; പരാതി പരിഹരിച്ചാണോ 9/2/2018 ലെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചത്; | |
| (ഇ) | ലോക്കൽ പോലീസിലേയ്ക്ക് കോൺസ്റ്റബിൾമാർക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം നൽകുന്നത് കെ.എസ്.ആർ-ന്റെ ഏത് പാർട്ട് അനുസരിച്ചാണ് എന്നറിയിക്കാമോ? | |

സെക്ഷൻ ഓഫീസർ